# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 25, ചൊവ്വ

**നമ്പർ 175**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 28-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 914-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിയ സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം :

റീബിൽഡ് പദ്ധതി പരാജയപ്പെട്ടതായി പറയപ്പെടുന്നതുമൂലം പ്രളയബാധിതർക്ക് പത്ത് മാസങ്ങൾ കഴിഞ്ഞിട്ടും ആശ്വാസം എത്തിക്കാൻ കഴിയാതെപോയ ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ആർ. രാമചന്ദ്രൻ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. മലപ്പുറം ജില്ല വിഭജിച്ച് പുതിയൊരു ജില്ലകൂടി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. എൻ. എ. ഖാദർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രിയ്ക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 838/2019 (i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | പുൽപ്പള്ളിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. ഉബൈദുള്ള | മലബാറിൽ പ്രവാസി കമ്മീഷൻ മേഖലാ ഓഫീസ് ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. സി. മമ്മത് കോയ | നല്ലളം ഹൈടെക് ബാംബു ഫ്ളോറിംഗ് ടൈൽ ഫാക്ടറി | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ജി. എസ്. ജയലാൽ | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീമതി വീണാ ജോർജ്ജ് | പമ്പാനദീതടത്തിൽ കണ്ടെത്തിയ ശിൽപ്പങ്ങളുടെ പഴക്കം നിശ്ചയിക്കുന്നതും തുടർ ഖനനം നടത്തുന്നതും | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. സ്വരാജ് | റോഡുകളിൽ വിവിധ കേബിളുകളും പൈപ്പുകളും ഇടുന്നതിനായി സ്ഥിരം ട്രെഞ്ച് നിർമ്മിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 9 | ശ്രീ. ബി. സത്യൻ | കടലുകാണിപ്പാറയെ വിനോദസഞ്ചാര കേന്ദ്രമാക്കുന്നത് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി. |
| 10 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

സബ്ജക്ട് കമ്മറ്റി VI-ന്റെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

2. 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

<u>സ്പീക്കറുടെ റൂളിംഗ്</u> :

I. വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ്യ പദ്ധതിയുടെ കരാറും നടപ്പാക്കലും സംബന്ധിച്ചുള്ള ന്യൂനതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് സി. എം. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ ചുവടെ പറയും പ്രകാരം റൂളിംഗ് നൽകി:

“1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ റിപ്പോർട്ട് 31-12-2018-നാണ് സർക്കാരിന് സമർപ്പിക്കപ്പെട്ടത് എന്നാണ് ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചത്. നിയമപ്രകാരം കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുകഴിഞ്ഞാൽ 6 മാസത്തിനകമാണ് പ്രസ്തുത റിപ്പോർട്ട് ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടത്. നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടില്ലാത്തതിനാലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ കമ്മീഷൻ റിപ്പോർട്ട്, നടപടി സ്റ്റേറ്റ്മെന്റ് സഹിതം, സഭയിൽ സമർപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച സാഹചര്യത്തിലും ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.”

II. സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളിന്മേലുള്ള സൂക്ഷ്മപരിശോധനയ്ക്കായി വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളിലെ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന് ചുവടെപ്പറയുംപ്രകാരം സ്പീക്കർ റൂളിംഗ് നൽകി:

“സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സമിതിക്ക് യഥാസമയം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ചുമതലയാണ്. അതുപോലെ അത്തരത്തിൽ ലഭ്യമാക്കുന്ന കുറിപ്പിൽ തൊട്ടുമുമ്പുള്ള അഞ്ച് വർഷക്കാലത്തെ ധനാഭ്യർത്ഥനകളുടെ ഒരു താരതമ്യവും വ്യതിയാനമുള്ളപക്ഷം അതിനുള്ള കാരണവും വ്യക്തമാക്കണമെന്ന് ചട്ടം 7 (iii)-ലും അനുശാസിക്കുന്നു.

2019-2020 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് 8 വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളിൽ ചട്ടം 7 (iii)-ൽ പരാമർശിച്ചിട്ടുള്ള വിശദാംശം ഇല്ലായിരുന്നു എന്നും ഇക്കാര്യത്തിൽ പതിനാലാം കേരള നിയമസഭയിൽത്തന്നെ മുമ്പ് രണ്ടു പ്രാവശ്യം റൂളിംഗ് ഉണ്ടായിട്ടും ഒരു പരിഹാരവും ഉണ്ടായില്ല എന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിരുന്നുവെങ്കിലും വീണ്ടും ആവർത്തിക്കപ്പെട്ടതിനെ സംബന്ധിച്ച് പരിശോധിക്കാമെന്നും തുടർന്നും ഇത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഇതിനുമുമ്പ് ഇതേ വിഷയത്തിൽ രണ്ടു പ്രാവശ്യം റൂളിംഗ് നൽകിയിരുന്നതാണെങ്കിലും പരാതി ആവർത്തിക്കുന്ന സാഹചര്യത്തിൽ ഒരുകാര്യം വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. നിയമസഭാ കമ്മിറ്റികൾക്ക് അവയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ കുറിപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം എത്തിക്കേണ്ടതാണെന്ന കാര്യത്തിൽ ഒരുവീഴ്ചയും ഉണ്ടാകാൻ പാടില്ല എന്ന് പ്രത്യേക നിഷ്കർഷ ഉള്ളതുകൊണ്ടാണ് മുമ്പ് രണ്ടുപ്രാവശ്യം സഭയിൽത്തന്നെ ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് നൽകിയത്. സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചട്ടപ്രകാരം അവർക്ക് ലഭിക്കേണ്ട രേഖകൾ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരംതന്നെ ലഭ്യമാകുന്നു എന്നുറപ്പാക്കേണ്ടത് അതത് സബ്ജക്ട് കമ്മിറ്റികളുടെ തന്നെ ഉത്തരവാദിത്വമാണ് എന്നാണ് ചെയറിന് വ്യക്തമാക്കാനുള്ളത്. രേഖകൾ ലഭ്യമാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിനും വീഴ്ച വരുത്തിയവർക്കെതിരെ ശക്തമായ നടപടികൾ ശിപാർശ ചെയ്യുന്നതിനുമുള്ള എല്ലാ അധികാരങ്ങളും സമിതികൾക്ക് ഉണ്ട്. എന്നാൽ സൂക്ഷ്മപരിശോധനാവേളയിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളൊന്നുംതന്നെ ഇതു സംബന്ധിച്ച് ഒരു ആക്ഷേപവും സമിതിയോഗത്തിൽ ഉന്നയിച്ചതായി കാണുന്നില്ല. മാത്രവുമല്ല, ഇത് ആവർത്തിച്ച് സഭയിൽ ഉന്നയിച്ച് പരിഹാരം കാണേണ്ട ഒരു കാര്യമായി കാണാനും കഴിയില്ല. ഈ സാഹചര്യത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളും കമ്മിറ്റി സെക്ഷനുകളും ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം നിരീക്ഷിക്കേണ്ടതാണെന്നും സമിതിതലത്തിൽത്തന്നെ അതിനുള്ള പരിഹാരം കാണേണ്ടതാണെന്നും മേലിൽ ഇത്തരം വിഷയങ്ങൾ സഭയിൽ ഉന്നയിക്കേണ്ട ആവശ്യമില്ലെന്നും ചെയർ റൂൾ ചെയ്യുന്നു."

ധനകാര്യം :

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XVII -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 6, 7, 8, 10, 11, 14, 15, 16, 17, 18, 19, 21, 23, 24, 25, 27, 28, 29, 30, 32, 33, 37, 39, 40, 41, 46, 49, 51, 53, 54, 55 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. വി. ടി. ബൽറാം

ശ്രീ. എൽദോ എബ്രഹാം

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ആർ. രാജേഷ്

ഡോ. എൻ. ജയരാജ്

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. മുകേഷ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എം. സ്വരാജ്

ശ്രീ. ഷാഫി പറമ്പിൽ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനും, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ എന്നിവർ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥന നമ്പർ XVII വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 26-ാം തീയതി ബുധനാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.08 -ന് സഭ പിരിഞ്ഞു.

സി. ജോസ്,

*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Fifteenth Session

## BULLETIN—PART I

( Brief Record of Proceedings )

*Tuesday, June 25, 2019*

**No. 175**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question :*

Corrected answer and Statement to Unstarred Question No.914, dated 28-4-2017 of the Fifth Session of the Fourteenth Kerala Legislative Assembly was laid on the Table by Prof. C. Raveendranath, Minister for General Education.

*Adjournment Motion :*

After hearing the Chief Minister Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and three other Members regarding the serious situation that have arisen consequent on the reported failure to bring relief to the flood victims even after ten months, due to the failure of Rebuild Kerala Initiative.

In protest against the attitude of the Government in this matter the Members belonging to opposition staged a walk out.

*Calling Attention :*

1. Shri R. Ramachandran called the attention of the Minister for Industries, Sports and Youth Affairs to the necessity to safeguard the traditional industries of the State. The Minister made a statement thereto.
2. Shri K. N. A. Khader called the attention of the Chief Minister to the necessity to bifurcate the malappuram District. The Minister for Industries, Sports and Youth Affairs made a statement thereto on behalf of the Chief Minister.

KNPP. 838/2019 (ii).

*The Matters under Rule 304* :

The Matters raised in the house by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ | തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി |
| 2 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | പുൽപ്പള്ളിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. ഉബൈദുള്ള | മലബാറിൽ പ്രവാസി കമ്മീഷൻ മേഖലാ ഓഫീസ് ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. സി. മമ്മത് കോയ | നല്ലളം ഹൈടെക് ബാംബു ഫ്ളോറിംഗ് ടൈൽ ഫാക്ടറി | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി |
| 5 | ശ്രീ. ജി. എസ്. ജയലാൽ | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി |
| 6 | ശ്രീമതി വീണാ ജോർജ്ജ് | പമ്പാനദീതടത്തിൽ കണ്ടെത്തിയ ശിൽപ്പങ്ങളുടെ പഴക്കം നിശ്ചയിക്കുന്നതും തുടർ ഖനനം നടത്തുന്നതും | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പമന്ത്രി |
| 7 | ശ്രീ. എം. സ്വരാജ് | റോഡുകളിൽ വിവിധ കേബിളുകളും പൈപ്പുകളും ഇടുന്നതിനായി സ്ഥിരം ട്രെഞ്ച് നിർമ്മിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി |
| 8 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് | ധനകാര്യവും കയറും വകുപ്പമന്ത്രി |
| 9 | ശ്രീ. ബി. സത്യൻ | കടലുകാണിപ്പാറയെ വിനോദസഞ്ചാര കേന്ദ്രമാക്കുന്നത് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി |
| 10 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

The following Reports of the Subject Committee VI were presented :

1. The Periodical Report as on 31st March 2019.

2. The Report on the action taken on the recommendations contained in the Third Report on the scrutiny of demands for grants for the Financial Year 2018-2019.

*Ruling by the Speaker* :

I. വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ്യ പദ്ധതിയുടെ കരാറും നടപ്പാക്കലും സംബന്ധിച്ചുള്ള ന്യൂനതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് സി. എം. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ ചുവടെപ്പറയും പ്രകാരം റൂളിംഗ് നൽകി:

"1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ റിപ്പോർട്ട് 31-12-2018-നാണ് സർക്കാരിന് സമർപ്പിക്കപ്പെട്ടത് എന്നാണ് ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചത്. നിയമപ്രകാരം കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുകഴിഞ്ഞാൽ 6 മാസത്തിനകമാണ് പ്രസ്തുത റിപ്പോർട്ട് ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടത്. നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടില്ലാത്തതിനാലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ കമ്മീഷൻ റിപ്പോർട്ട്, നടപടി സ്റ്റേറ്റ്മെന്റ് സഹിതം, സഭയിൽ സമർപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച സാഹചര്യത്തിലും ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു."

II. സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളിന്മേലുള്ള സൂക്ഷ്മപരിശോധനയ്ക്കായി വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളിലെ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന് ചുവടെപ്പറയുംപ്രകാരം സ്പീക്കർ റൂളിംഗ് നൽകി:

"സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സമിതിക്ക് യഥാസമയം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ചുമതലയാണ്. അതുപോലെ അത്തരത്തിൽ ലഭ്യമാക്കുന്ന കുറിപ്പിൽ തൊട്ടുമുമ്പുള്ള അഞ്ച് വർഷക്കാലത്തെ ധനാഭ്യർത്ഥനകളുടെ ഒരു താരതമ്യവും വ്യതിയാനമുള്ളപക്ഷം അതിനുള്ള കാരണവും വ്യക്തമാക്കണമെന്ന് ചട്ടം 7 (iii)-ലും അനുശാസിക്കുന്നു.

2019-2020 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് 8 വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളിൽ ചട്ടം 7 (iii)-ൽ പരാമർശിച്ചിട്ടുള്ള വിശദാംശം ഇല്ലായിരുന്നു എന്നും ഇക്കാര്യത്തിൽ പതിനാലാം കേരള നിയമസഭയിൽത്തന്നെ മുമ്പ് രണ്ടു പ്രാവശ്യം റൂളിംഗ് ഉണ്ടായിട്ടും ഒരു പരിഹാരവും ഉണ്ടായില്ല എന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിരുന്നുവെങ്കിലും വീണ്ടും ആവർത്തിക്കപ്പെട്ടതിനെ സംബന്ധിച്ച് പരിശോധിക്കാമെന്നും തുടർന്നും ഇത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഇതിനുമുമ്പ് ഇതേ വിഷയത്തിൽ രണ്ടു പ്രാവശ്യം റൂളിംഗ് നൽകിയിരുന്നതാണെങ്കിലും പരാതി ആവർത്തിക്കുന്ന സാഹചര്യത്തിൽ ഒരുകാര്യം വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. നിയമസഭാ കമ്മിറ്റികൾക്ക് അവയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ കുറിപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം എത്തിക്കേണ്ടതാണെന്ന കാര്യത്തിൽ ഒരുവീഴ്ചയും ഉണ്ടാകാൻ പാടില്ല എന്ന് പ്രത്യേക നിഷ്കർഷ ഉള്ളതുകൊണ്ടാണ് മുമ്പ് രണ്ടുപ്രാവശ്യം സഭയിൽത്തന്നെ ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് നൽകിയത്. സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചട്ടപ്രകാരം അവർക്ക് ലഭിക്കേണ്ട രേഖകൾ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരംതന്നെ ലഭ്യമാകുന്നു എന്നുറപ്പാക്കേണ്ടത് അതത് സബ്ജക്ട് കമ്മിറ്റികളുടെ തന്നെ ഉത്തരവാദിത്വമാണ് എന്നാണ് ചെയറിന് വ്യക്തമാക്കാനുള്ളത്. രേഖകൾ ലഭ്യമാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിനും വീഴ്ച വരുത്തിയവർക്കെതിരെ ശക്തമായ നടപടികൾ ശിപാർശ ചെയ്യുന്നതിനുമുള്ള എല്ലാ അധികാരങ്ങളും സമിതികൾക്ക് ഉണ്ട്. എന്നാൽ സൂക്ഷ്മപരിശോധനാവേളയിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളൊന്നുംതന്നെ ഇതു സംബന്ധിച്ച് ഒരു ആക്ഷേപവും സമിതിയോഗത്തിൽ ഉന്നയിച്ചതായി കാണുന്നില്ല. മാത്രവുമല്ല, ഇത് ആവർത്തിച്ച് സഭയിൽ ഉന്നയിച്ച് പരിഹാരം കാണേണ്ട ഒരു കാര്യമായി കാണാനും കഴിയില്ല. ഈ സാഹചര്യത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളും കമ്മിറ്റി സെക്ഷനുകളും ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം നിരീക്ഷിക്കേണ്ടതാണെന്നും സമിതിതലത്തിൽത്തന്നെ അതിനുള്ള പരിഹാരം കാണേണ്ടതാണെന്നും മേലിൽ ഇത്തരം വിഷയങ്ങൾ സഭയിൽ ഉന്നയിക്കേണ്ട ആവശ്യമില്ലെന്നും ചെയർ റൂൾ ചെയ്യുന്നു."

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2019-2020

Prof. C. Raveendranath, Minister for Education moved Demand No. XVII- Education, Sports, Art and Culture for the amount shown against them under column No. 5 in the list of Demands for Grants.

DR. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236(3) with regard to these demands.

The cut motion Nos. 2, 3, 6, 7, 8, 10, 11, 14, 15, 16, 17, 18, 19, 21, 23, 24, 25, 27, 28, 29, 30, 32, 33, 37, 39, 40, 41, 46, 49, 51, 53, 54 and 55 in the list of cut motions for Demand No.XVII were moved.

The following Members took part in the discussion :

Prof. K. U. Arunan

Shri V. T. Balram

Shri Eldho Abraham

Shri T. A. Ahammed Kabeer

Shri P. C. George

Shri Mathew T. Thomas

Shri R. Rajesh

DR. N. Jayaraj

Shri A. N. Shamseer

Shri Purushan Kadalundy

Shri E. T. Taison Master

Shri M. Mukesh

Shri Manjalamkuzhi Ali

Shri M. Swaraj

Shri Shafi Parambil.

Prof. C. Raveendranath, Minister for Education, Shri A. K. Balan Minister for Welfare of Sheduled Caste, Sheduled Tribes, Backward Classes, Law, Culture and Parliament Affairs, Shri E. P. Jayarajan Minister for Industries Sports and Youth Affairs, Shri Ramachandran Kadannappalli Minister for Ports, Museums and Archeology, Shri E. P. Jayarajan, The Minister for Industries Sports & Youth Affairs and DR. K. T. Jaleel Minister for Higher Education, Welfare of Minorities, Wakf and Hajj pilgrimage replied to the points raised during the discussion. The cut motions were declared lost. Then the Demand No XVII was put to vote and passed.

The House adjourned at 6.08 p.m. to meet again at 9.00 a.m.on Wednesday, June 26, 2019.

C. Jos,
*Secretary-in-charge.*